കൂടാതെ 2014-15-ലെ ഒന്നാം ഉപധനാഭ്യർത്ഥനയിൽ 50 കോടി രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയും ബോർഡിന് നാളിതുവരെ ലഭ്യമായിട്ടില്ല. ഇപ്രകാരം ആകെ 680.24 കോടി രൂപ ബോർഡിന് ലഭിക്കാനുണ്ട്.

## വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

26 (2264) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) 1-7-2011 മുതൽ 31-10-14 വരെ സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് എത്ര വൈദ്യുതി ഉല്പാദിപ്പിച്ചു ; ഇതിൽ പുതുതായി ഉല്പാദിപ്പിക്കപ്പെട്ട വിദ്യുച്ഛക്തി എത്ര ; ഏതെല്ലാം പദ്ധതികളിൽ നിന്നാണ് ഉല്പാദനം നടത്തിയത്; വിശദാംശം നൽകാമോ ;

(സി) പ്രസരണ ശേഷി വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ;

(ഡി) ഉല്പാദനവും, ഉപഭോഗവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ എത്ര കുറവാണ് ഉല്പാദന മേഖലയിൽ അനുഭവപ്പെടുന്നത്; ഉല്പാദന കമ്മി എങ്ങനെയാണ് നികത്തുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) വൈദ്യുതി കമ്മി കുറച്ചു വരുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) വൻകിട ജലവൈദ്യുത പദ്ധതികൾ പരിസ്ഥിതി കാരണങ്ങളാൽ അനുമതി നിഷേധിക്കപ്പെടുന്ന സാഹചര്യത്തിൽ ചെറുകിട ജല വൈദ്യുത പദ്ധതികളിൽ പരമാവധി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. നവീകരിക്കാവുന്ന സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ് എന്നിവയിൽ നിന്നുള്ള ഉൽപ്പാദനവും പരമാവധി ആക്കാൻ ശ്രമം നടപ്പാക്കുന്നു. അതിരപ്പിള്ളി 163 മെഗാവാട്ട് പദ്ധതിയുടെ പാരിസ്ഥിതിക അനുമതി വിഷയം പുനഃപരിശോധിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഉൽപ്പാദനം നിയന്ത്രിക്കാവുന്ന തരത്തിൽ ഇന്ധനങ്ങളെ ആശ്രയിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ചുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തി വരുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പരിഗണനയിലുള്ള വൈദ്യുത ഉൽപ്പാദന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 24563 മില്യൺ യൂണിറ്റ് ഉൽപ്പാദിപ്പിച്ചു. ഇതിൽ പുതുതായി പൂർത്തിയാക്കിയ പദ്ധതികളിൽ നിന്നുള്ള വാർഷിക ഉൽപ്പാദന ശേഷി 42.57 മില്യൺ യൂണിറ്റും ഉല്പാദിപ്പിക്കപ്പെട്ട വൈദ്യുതി 32.266 മില്യൺ യൂണിറ്റുമാണ്. കെ.എസ്.ഇ.ബി.-യുടെ ഉൽപ്പാദന നിലയങ്ങളിൽ നിന്നും 1-7-2011 മുതൽ 31-10-2014 വരെ ഉൽപ്പാദിപ്പിച്ച വൈദ്യുതി:

| | |
|---|---|
| 1-7-2011 മുതൽ 31-3-2012 വരെ | 6107 മില്യൺ യൂണിറ്റ് |
| 1-4-2012 മുതൽ 31-3-2013 വരെ | 5348 മില്യൺ യൂണിറ്റ് |
| 1-4-2013 മുതൽ 31-3-2014 വരെ | 8218 മില്യൺ യൂണിറ്റ് |
| 1-4-2014 മുതൽ 31-10-2014 വരെ | 4890 മില്യൺ യൂണിറ്റ് |
| ആകെ | 24563 മില്യൺ യൂണിറ്റ് |

1-7-2011 മുതൽ 31-10-2014 വരെയുള്ള കാലയളവിൽ പുതുതായി വന്ന പദ്ധതികളിൽ നിന്നുള്ള വൈദ്യുത ഉൽപ്പാദനം.

| | | |
|---|---|---|
| 1 | റാന്നി-പെരിനാട് | 21.33 മില്യൺ യൂണിറ്റ് |
| 2 | പീച്ചി | 4.189 മില്യൺ യൂണിറ്റ് |
| 3 | വിലങ്ങാട് | 6.747 മില്യൺ യൂണിറ്റ് |
| | ആകെ | 32.266 മില്യൺ യൂണിറ്റ് |

(സി) പ്രസരണ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുകയും നിലവിലുള്ള സബ്സ്റ്റേഷനുകളുടെ വോൾട്ടേജ് നിലവാരം ഉയർത്തുകയും ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക, പഴയ ലൈനുകളുടെ കണ്ടക്ടർ മാറ്റി പുതിയവ സ്ഥാപിക്കുക എന്നീ പ്രവൃത്തികളാണ് ചെയ്യുവരുന്നത്. ഇതിന്റെ ഭാഗമായി 2011 മേയ് മാസം മുതൽ 2014 നവംബർ 30 വരെയുള്ള കണക്കനുസരിച്ച് 33 പുതിയ വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള അപ്ഗ്രേഡഡ് സബ്സ്റ്റേഷനുകളും 482.91 കിലോ മീറ്റർ ലൈനും പൂർത്തിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി&ഇ) 2-12-2014-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ ഉപഭോഗം 57.9870 മില്യൺ യൂണിറ്റ് ആയിരുന്നു. ഇതിൽ ആഭ്യന്തര ഉൽപ്പാദനം 25.8163 മില്യൺ യൂണിറ്റ് ആയിരുന്നു. കേന്ദ്ര വിഹിതമായി കേരളത്തിന് ലഭിച്ച വൈദ്യുതി 25.247 മില്യൺ യൂണിറ്റ് ആയിരുന്നു. ബാക്കി ആവശ്യമായി വന്ന 6.9237 മില്യൺ യൂണിറ്റ് വൈദ്യുതി പവർ എക്സ്ചേഞ്ചിൽ നിന്നും, പവർ ട്രേഡേഴ്സിൽ നിന്നും അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച് വഴിയും വാങ്ങിയാണ് സംസ്ഥാനത്തിന്റെ വൈദ്യുത ആവശ്യകത നിറവേറ്റിയത്. വരുംകാലങ്ങളിലും സംസ്ഥാനത്തിന്റെ ഊർജ്ജ കമ്മി നികത്തുന്നതിന് മധ്യ-ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് വിവിധ ഏജൻസികളുമായി ഒപ്പു വച്ചിട്ടുണ്ട്. ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുക, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ (സപ്ലൈ സൈഡ് മാനേജ്മെന്റ് &ഡിമാന്റ് സൈഡ് മാനേജ്മെന്റ്) എന്നിവയിലും ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്.

**വൈദ്യുതി കടിശ്ശിക**

27 (2265) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജു :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ഒക്ടോബർ 30 വരെ വൈദ്യുതി ഉപയോഗിച്ചവരിൽ നിന്നും കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുള്ള തുകയെത്ര ; ഇതിൽ ഏറ്റവും വലിയ കുടിശ്ശിക എത്ര ;

(ബി) കേന്ദ്ര സർക്കാരിനു കീഴിലുള്ള സ്ഥാപനങ്ങൾ നൽകാനുള്ള കുടിശ്ശിക എത്ര ; പവർ പ്ലാന്റുകളുടെയും കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും നൽകാനുള്ള കുടിശ്ശിക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 30-9-2014-ലെ കണക്കുപ്രകാരം കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുള്ളത് 1633,49 കോടി രൂപയാണ്. ഇതിൽ ഏറ്റവും വലിയ കുടിശ്ശിക വാട്ടർ അതോറിറ്റിയുടെ 667.60 കോടി രൂപയാണ്. മാസംതോറും വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക 18 കോടി രൂപയോളം വർദ്ധിക്കുന്നുണ്ട്. അതനുസരിച്ച് ഒക്ടോബർ 30 വരെ കുടിശ്ശിക ഏകദേശം 1650 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly